**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ലാപഞ്ചായത്ത് - ജില്ലാ പോലീസ് സമുച്ചയം നിർമ്മിക്കുന്നതിന് ആഭ്യന്തരവകുപ്പിന് സ്ഥലം വിട്ടുനൽകുന്നതിന് അനുവാദം നൽകിക്കൊണ്ടുള്ള ഉത്തരവ് താൽക്കാലികമായി നിർത്തിവച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

**സ.ഉ. (സാധാ)നം. 2003/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 21-7-2012**

---

**പരാമർശം :** 1. ചീഫ് ടൗൺ പ്ലാനറുടെ 7-2-10-ലെ റിപ്പോർട്ട്.
2. 26-7-10 ലെ 33835/ആർസി4/10/തസ്വഭവ നമ്പർ കത്ത്.
3. 15-6-12-ലെ സ.ഉ. (സാധാ) നം. 1621/12/തസ്വഭവ

**ഉത്തരവ്**

ഇടുക്കി വികസന അതോറിറ്റിയും ജില്ലാ പഞ്ചായത്തും കൈമാറിയ സ്ഥലങ്ങളുടെ സംരക്ഷണത്തിനും ഫലപ്രദമായ ഉപയോഗത്തിനും വേണ്ട നിർദ്ദേശങ്ങൾ പരാമർശം (1) പ്രകാരം ചീഫ് ടൗൺ പ്ളാനർ സമർപ്പിക്കുകയും ടി നിർദ്ദേശങ്ങൾ നടപ്പാക്കി റിപ്പോർട്ട് ചെയ്ത ശേഷം മാത്രമേ ഇനി സ്ഥലം വിട്ടുനൽകുന്നത് സംബന്ധിച്ച പ്രൊപ്പോസലുകളിൽ സർക്കാർ തീരുമാനമുണ്ടാകുകയുള്ളൂവെന്ന് പരാമർശം (2) പ്രകാരം ഇടുക്കി ജില്ലാപഞ്ചായത്ത് സെക്രട്ടറിയെ അറിയിയ്ക്കുകയും ചെയ്തിരുന്നു. ടി റിപ്പോർട്ട് ഇതുവരെയും സർക്കാരിൽ ലഭ്യമായിട്ടില്ല.

ഈ സാഹചര്യത്തിൽ ജില്ലാ പോലീസ് സമുച്ചയം നിർമ്മിക്കുന്നതിന് സ്ഥലം വിട്ടുനൽകുന്നതിന് ഇടുക്കി ജില്ലാപഞ്ചായത്തിന് അനുമതി നൽകിക്കൊണ്ടുള്ള പരാമർശം (3) ലെ ഉത്തരവ് താൽക്കാലികമായി നിർത്തിവച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. പരാമർശം (2) ലെ കത്തിൽ ആവശ്യപ്പെട്ട റിപ്പോർട്ട് എത്രയും വേഗം ലഭ്യമാക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എൻ. ആർ. ശ്രീലേഖ,
അണ്ടർ സെക്രട്ടറി.

**To**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ
സംസ്ഥാന പോലീസ് മേധാവി
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
സെക്രട്ടറി, ഇടുക്കി ജില്ലാ പഞ്ചായത്ത് 685603
ആഭ്യന്തര വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.